# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യു., തീയതി 25.06.2026

**പ്രസിദ്ധീകരണത്തിന്**

**പരീക്ഷാ തീയതി പുനഃ ക്രമീകരിച്ചു**

മുഹറം പ്രമാണിച്ച്, 26.06.2026 ന് നടത്താൻ നിശ്ചയിച്ചിരുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും നാലാം സെമസ്റ്റർ എം ബി എ (റെഗുലർ/ സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ്) ഏപ്രിൽ 2026 പരീക്ഷ , 30.06.2026 ന് നടക്കുന്ന വിധം പുനഃ ക്രമീകരിച്ചു . പരീക്ഷകൾ ഉച്ചയ്ക്ക് 1.30 ന് ആരംഭിക്കും

**പ്രൊജക്ട് മൂല്യനിർണ്ണയം /വൈവ-വോസി**

അഫിലിയേറ്റഡ് കോളേജുകളിലെയും, സെൻററുകളിലെയും നാലാം സെമസ്റ്റർ എം.ബി.എ ഡിഗ്രി (റെഗുലർ/സപ്ലിമെൻററി) ഏപ്രിൽ 2026 പരീക്ഷകളുടെ ഭാഗമായുള്ള പ്രൊജക്ട് മൂല്യനിർണയം, വൈവ-വോസി എന്നിവ 04.07.2026 -ന് അതത് കോളേജുകളിൽ വെച്ച് നടത്തപ്പെടുന്നതാണ്. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്.

**പരീക്ഷാഫലം**

പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിങ് ഡിഗ്രി (റെഗുലർ/ സപ്ലിമെന്ററി/ )ഏപ്രിൽ 2026 പരീക്ഷാഫലം സർവ്വകലാശാല വെബ്സൈറ്റിൽ (kannuruniversity.ac.in) ലഭ്യമാണ്. ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയം/സൂക്ഷ്മ പരിശോധന/പകർപ്പ് ലഭ്യമാക്കൽ എന്നിവക്കുള്ള അപേക്ഷകൾ 08.07.2026, 5 PM വരെ ഓൺലൈൻ ആയി സ്വീകരിക്കുന്നതാണ്.

**പ്രായോഗിക പരീക്ഷകൾ/ പ്രൊജക്ട് മൂല്യനിർണ്ണയം/ വൈവ- വോസി**

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ ബിരുദാനന്തരബിരുദ ഡിഗ്രി (റെഗുലർ/സപ്ലിമെൻററി) ഏപ്രിൽ 2026, വിവിധ വിഷയങ്ങളുടെ പ്രായോഗിക പരീക്ഷകൾ/ പ്രൊജക്ട് മൂല്യനിർണ്ണയം/ വൈവ- വോസി എന്നിവ താഴെ പറയുന്ന തീയതികളിൽ അതത് കോളേജുകളിൽ വെച്ച്

നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്.

1. എം.എസ്.സി മൈക്രോബയോളജി / എം.എസ്.സി ബയോടെക്നോളജി

- 2026 ജൂൺ 30 മുതൽ ജൂലായ് 6 വരെ

2. എം.എസ്.സി ജിയോളജി - 2026 ജൂൺ 30 മുതൽ ജൂലായ് 1 വരെ

3. എം.എസ്.സി അപ്ലൈഡ് സൈക്കോളജി - 2026 ജൂലായ് 1

ഒപ്പ്/-

അസിസ്റ്റന്റ് രജിസ്ട്രാർ I

(പരീക്ഷാ വിഭാഗം)